ആലപ്പുഴ ജില്ലയിലെ മൂന്നാംഘട്ട ജനസമ്പർക്ക പരിപാടി

13 (13) ശ്രീ. ജി. സുധാകരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിൽ നടത്തിയ മൂന്നാംഘട്ട ജനസമ്പർക്ക പരിപാടിയിൽ എത്ര അപേക്ഷകൾ ലഭിച്ചു ; ഏതെല്ലാം തരത്തിലുള്ള അപേക്ഷകളാണ് പരിഗണിച്ചത് ;

(ബി) എത്ര അപേക്ഷകളിൽ തീർപ്പുകല്പിച്ചു ; എന്ത് തുക വിവിധ ആനുകൂല്യങ്ങളായി നൽകി ; വ്യക്തമാക്കാമോ ;

(സി) ഒന്നും രണ്ടും ഘട്ട ജനസമ്പർക്ക പരിപാടിയിൽ ആലപ്പുഴ ജില്ലയിൽ നിന്നും ലഭിച്ച അപേക്ഷകളിൽ എത്ര എണ്ണത്തിൽ ഇനിയും തീർപ്പു കല്പിക്കാനുണ്ട് ; വിശദമാക്കാമോ ;

(ഡി) മുഖ്യമന്ത്രി നിർദ്ദേശിച്ച ആനുകൂല്യങ്ങൾ പലർക്കും ഇതുവരെ ലഭ്യമായിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) മൂന്നാംഘട്ട ജനസമ്പർക്ക പരിപാടി ആലപ്പുഴ ജില്ലയിൽ സംഘടിപ്പിക്കുന്നതിന് എത്ര തുക ചെലവായി ; വ്യക്തമാക്കാമോ ;

(എഫ്) മൂന്നാംഘട്ട ജനസമ്പർക്ക പരിപാടിയിൽ ആലപ്പുഴ ജില്ലയിൽ പുതുതായി എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് പ്രഖ്യാപിച്ചത് ; അതിനായി എത്രതുക നീക്കിവച്ചിട്ടുണ്ട് ; വിശദമാക്കാമോ ?

ഉത്തരം

(എ) ആലപ്പുഴ ജില്ലയിൽ നടത്തിയ മൂന്നാംഘട്ട ജനസമ്പർക്ക പരിപാടിയിൽ 29,205 അപേക്ഷകൾ ലഭിച്ചു. ചികിത്സാസഹായം, എ.പി.എൽ-ബി.പി.എൽ, വികലാംഗർക്കുള്ള സഹായം, ക്ഷേമ പെൻഷനുകൾ തുടങ്ങിയ വിഷയങ്ങളിലുള്ള അപേക്ഷകളാണ് പരിഗണിച്ചത്.

(ബി) ഓൺലൈനിൽ ലഭിച്ച 10,952 അപേക്ഷകളിൽ തീർപ്പുകൽപ്പിച്ചു. നേരിട്ട് ലഭിച്ച അപേക്ഷകളിൽ നടപടി സ്വീകരിച്ചുവരുന്നു. വിവിധ ആനുകൂല്യങ്ങൾക്കായി 10,17,42,000 രൂപ നൽകി.

(സി) ഒന്നും രണ്ടും ഘട്ട ജനസമ്പർക്ക പരിപാടികളിൽ ലഭ്യമായ മുഴുവൻ അപേക്ഷകളും തീർപ്പുകല്പിച്ചു.

(ഡി) ഇല്ല.

(ഇ) മൂന്നാംഘട്ട ജനസമ്പർക്ക പരിപാടി ആലപ്പുഴ ജില്ലയിൽ സംഘടിപ്പിക്കുന്നതിന് ചെലവായ തുക സംബന്ധിച്ച കണക്കുകൾ വിവിധ വകുപ്പുകളിൽ നിന്നും ശേഖരിച്ചുവരുന്നു.

(എഫ്) 21 പദ്ധതികൾ പ്രഖ്യാപിച്ചു. ആയതിന്റെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly